## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.804 08.03.2012 ൽ മറുപടിക്ക്

### <u>അന്യസംസ്ഥാനങ്ങളിലേക്ക് ഹൈടെക്ക് ബസ് സർവ്വീസ്</u>

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ നിന്നെല്ലാം അന്യസംസ്ഥാനങ്ങളിലേക്ക് ദിനംപ്രതി ഹൈടെക് ബസ്സുകൾ സർവ്വീസ് നടത്തുന്നത് സർക്കാരിന്റെ അനുമതിയോടു കൂടിയാണോ എന്നു വ്യക്തമാക്കുമോ; | (എ) | ബന്ധപ്പെട്ട ഓഫീസിൽ നിന്നോ അല്ലെങ്കിൽ അതിർത്തി ചെക്ക് പോസ്റ്റിൽ നിന്നോ പെർമിറ്റോ,സ്പെഷ്യൽ പെർമിറ്റോ എടുത്താണ് സർവ്വീസ് നടത്തുന്നത്. |
| (ബി) ഇതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത സർവ്വീസുകൾ മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ കുറവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇവയെ നിയന്ത്രിച്ച് കൂടുതൽ കെ.എസ്.ആർ.ടി.സി. ഹൈടെക് ബസ് സർവ്വീസുകൾ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കെ.എസ്.ആർ.ടി.സി. ഇപ്പോൾ തന്നെ വോൾവോ, സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ പട്ടണങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്കും സംസ്ഥാനത്തിന് പുറത്തേയ്ക്കും ആവശ്യാനുസരണം സർവ്വീസ് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ